**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3564** **12.05.2017-ൽ മറുപടിക്ക്**

**അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർ**

**ചോദ്യം**

ശ്രീമതി യു. പ്രതിഭ ഹരി :

അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകർ അടക്കമുള്ള ജീവനക്കാരുടെ സേവന വേതനങ്ങളുമായി ബന്ധപ്പെട്ട് നിലിവിൽ എന്തെങ്കിലും നിയമങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ടി ജീവനക്കാർ നിലവിലുള്ള മറ്റെല്ലാ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹരാണ്. ആയത് ടിയാളുകൾക്ക് ലഭ്യമാകുന്നുവെന്ന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ കടുത്ത തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനും ടി മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബില്ല് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.